# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA.PKD 25.3/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 16/02/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA.PKD 25.3/22 തീയ്യതി: 16/02/2022

## പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2019 മുതൽ 12-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 13-12-2021 | 28-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 28-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി. -ഓഡിറ്റ് ഓഫീസർ
സരിത.പി. -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശബ്ബാദാസ്.എസ്. -സീനിയർ ഗ്രേഡ് ഓഡിറ്റർ
ഗീത.കെ. -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രജിമോൻ.ഡി. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.എ,മുരളീധരൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.മഞ്ജുഷ.ആർ.എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.വിനീത അശോകൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 03-06-2019 |
| ശ്രീ.ദിലീപ് വർമ്മ | അസിസ്റ്റന്റ് എഞ്ചിനീയർ | 04-06-2019 | 04-08-2019 |
| ശ്രീ.നൈജു. ടി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 05-08-2019 | 31-03-2020 |
| ഡോ. റെമിൻ ആൽഫ്രഡ് | മെഡിക്കൽ ഓഫീസർ(പി.എച്ച്. സി) | 01-04-2019 | 31-03-2020 |
| ഡോ. ശാലിനി എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീ.സുകുമാരൻ. വി.എം | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. സുധ.എൻ | പ്രധാനാധ്യാപിക | 01-04-2019 | 31-03-2020 |
| ശ്രീ. ശിവദാസൻ. കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-I | 01-04-2019 | 21-06-2019 |
| ശ്രീമതി. ബുഷറ.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-I((ചാർജ്ജ്) | 22-06-2019 | 31-03-2020 |
| ശ്രീമതി. ബുഷറ.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർII | 01-04-2019 | 31-03-2020 |
| ശ്രീമതി.കെ.ചെല്ല | ഐ,സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.ഷാന്റോ.സി.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. ജയപ്രകാശ്.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Geetha K (Auditor, On 19-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-1 |
| 2 | നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Geetha K (Auditor, On 30-12-2021)<br>Last Updated By: Geetha K (Auditor, On 07-02-2022) | 1-1-2 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Saritha P (Senior Grade Auditor, On 18-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-2 |
| 4 | തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർമ്മിച്ച ആസ്തികളുടെ മൂല്യം വാർഷിക ധനകാര്യ പത്രികയിൽ ശരിയായ വിധത്തിൽ ഉൾപ്പെടുത്തിയിട്ടില്ല, അഡ്മിൻ ചെലവ് എ.എഫ്.എസ് മായി പൊരുത്തപ്പെടുന്നില്ല<br>Written By: Saritha P (Senior Grade Auditor, On 24-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-2-1 |
| 5 | രജിസ്റ്ററുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 24-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-2-2 |
| 6 | B4, B17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Saritha P (Senior Grade Auditor, On 25-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-2-3 |
| 7 | ബാങ്ക് റീകൺസീലിയേഷൻ തയ്യാറാക്കിയിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 25-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-2-4 |
| 8 | സാമ്പത്തിക നില<br>Written By: Saritha P (Senior Grade Auditor, On 18-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-3 |
| 9 | ഫണ്ട് വിനിയോഗം<br>Written By: Saritha P (Senior Grade Auditor, On 25-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-4 |
| 10 | പദ്ധതി അവലോകനം<br>Written By: P. Sujatha (Audit Officer, On 13-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: S.Sabna Das (Senior Grade Auditor, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-6 |
| 12 | ക്ഷേമ പദ്ധതികൾ<br>Written By: Saritha P (Senior Grade Auditor, On 02-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-7 |
| 13 | ക്യാഷ് പരിശോധന<br>Written By: Geetha K (Auditor, On 13-12-2021)<br>Last Updated By: T.K.Naseer (Audit Officer, On 10-01-2022) | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം<br>Written By: P. Sujatha (Audit Officer, On 01-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Saritha P (Senior Grade Auditor, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-10 |
| 16 | തൊഴിൽ നികുതി പരിശോധനയിൻ മേലുള്ള കണ്ടെത്തലുകൾ | 1-11 |

| | | |
|---|---|---|
| | Written By: Geetha K (Auditor, On 31-12-2021)<br>Last Updated By: Saritha P (Senior Grade Auditor, On 31-12-2021) | |
| 17 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-11-1 |
| 18 | റേഷൻ കട നടത്തിപ്പുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Geetha K (Auditor, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-11-2 |
| 19 | സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല<br>Written By: Geetha K (Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-12 |
| 20 | അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-13 |
| 21 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 30-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-14 |
| 22 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായ നിരക്കിൽ അനുവദിക്കുന്നതിന് മതിയായ തുക വകയിരുത്തേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-15 |
| 23 | വയോജനങ്ങൾക്ക് കട്ടിൽ - ടെണ്ടർ നടപടിക്രമങ്ങളിലെ അപാകങ്ങൾ<br>Written By: S.Sabna Das (Senior Grade Auditor, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-16 |
| 24 | അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല<br>Written By: S.Sabna Das (Senior Grade Auditor, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-17 |
| 25 | കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-18 |
| 26 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ<br>Written By: P. Sujatha (Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-19 |
| 27 | വിവിധ പുനരുദ്ധാരണ പ്രവൃത്തികൾ -തുടർ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-20 |
| 28 | അങ്കണവാടികൾ പുനരുദ്ധാരണം (കല്ലേരി, രക്കാണ്ടി, ചല്ലിപറമ്പ്, തെക്കേത്തറ, ചിറ) - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-20-1 |
| 29 | MCF കെട്ടിടം പുനരുദ്ധാരണവും ചുറ്റു മതിൽ നിർമ്മാണവും - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-20-2 |
| 30 | കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-21 |
| 31 | വല്യപറമ്പ് കുടിവെള്ള പദ്ധതി<br>Written By: P. Sujatha (Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-21-1 |

| | | |
|---|---|---|
| 32 | കിഴക്കേക്കളം DWSS<br>Written By: P. Sujatha (Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-21-2 |
| 33 | എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല<br>Written By: P. Sujatha (Audit Officer, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-22 |
| 34 | പകൽവീട് - പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 02-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-23 |
| 35 | ചേവക്കോട് തുപ്പാകുഴി പാലം റോഡ് മെറ്റലിംഗ് & ടാറിംഗ് -രേഖകൾ ഹാജരാക്കിയില്ല<br>Written By: P. Sujatha (Audit Officer, On 05-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-24 |
| 36 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന സാമഗ്രികൾ വാങ്ങൽ- ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല<br>Written By: S.Sabna Das (Senior Grade Auditor, On 01-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 13-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Saritha P (Senior Grade Auditor, On 14-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Saritha P (Senior Grade Auditor, On 31-12-2021)<br>Last Updated By: Saritha P (Senior Grade Auditor, On 31-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P. Sujatha (Audit Officer, On 13-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Saritha P (Senior Grade Auditor, On 31-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P. Sujatha (Audit Officer, On 13-12-2021)<br>Last Updated By: P. Sujatha (Audit Officer, On 13-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P. Sujatha (Audit Officer, On 01-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P. Sujatha (Audit Officer, On 01-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P. Sujatha (Audit Officer, On 13-12-2021)<br>Last Updated By: P. Sujatha (Audit Officer, On 13-12-2021) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P. Sujatha (Audit Officer, On 02-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P. Sujatha (Audit Officer, On 13-12-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 16-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് -വിവിധ പത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

19.02.2020-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം 1 പ്രകാരം 2019-20 വർഷത്തെ പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 5682864 |
| പ്രതീക്ഷിത വരവ് | 189354500 |
| ആകെ വരവ് | 195037364 |
| ചെലവ് | 190317050 |
| നീക്കിയിരിപ്പ് | 4720314 |

### 1-1-2 നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിയേതര നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിനുള്ള ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധയും ദീർഘവീക്ഷണവും ഉണ്ടായെങ്കിൽ മാത്രമേ വരും വർഷങ്ങളിൽ വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ ബജറ്റ് രൂപീകരണത്തിൽ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്നു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 02.06.2020 | . |

വാർഷികധനകാര്യ പത്രിക തയ്യാറാക്കുന്നതിലും അനുബന്ധ രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ ഉണ്ടായിട്ടുള്ള അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു. ഈ വിവരം ഓഡിറ്റ് അന്വേഷണം നം 2/15.12.21 പ്രകാരം സെക്രട്ടറിയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം നൽകുകയും വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എല്ലാ ബാങ്ക് , ട്രഷറി അക്കൗണ്ടുകളും പ്രതിമാസ റീകൺസിലേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-2-1 തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർമ്മിച്ച ആസ്തികളുടെ മൂല്യം വാർഷിക ധനകാര്യ

പത്രികയിൽ ശരിയായ വിധത്തിൽ ഉൾപ്പെടുത്തിയിട്ടില്ല, അഡ്മിൻ ചെലവ് എ.എഫ്.എസ് മായി പൊരുത്തപ്പെടുന്നില്ല

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 31924133 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 5350249 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു.

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 5350249 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ- 5350249 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

യഥാർത്ഥ അഡ്മിൻ ചെലവ് തുക 1097125 ആണെങ്കിലും വാർഷികധനകാര്യപത്രിക പ്രകാരം എൻ.ആർ.ഇ.ജി.എസ് അഡ്മിൻ ചെലവ് 739713 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1-2-2 രജിസ്റ്ററുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

1.ഗ്രാമപഞ്ചായത്തിൽ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വായ്പ ഇനത്തിൽ തൻവർഷം രൂപ 1980000/- വരവുണ്ട്. മുൻബാക്കി ഉൾപ്പെടെ ആകെ 30720000/-ആയതിൽ 2060000/- രൂപ തിരിച്ചടക്കുകയും 31/3/2020ൽ രൂപ 28660000/-രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തി ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5, B-6 എന്നിവയുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. ഈ ഇനത്തിലുള്ള എല്ലാ വരവുകളും രേഖപ്പെടുത്തി വർഷാന്ത്യം സംഗ്രഹം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. അഡ്വാൻസ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. വർഷാന്ത്യം സംഗ്രഹം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

1-2-3 B4, B17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ 31.03.2020 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31.03.2020 ലെ നീക്കിയിരിപ്പ് തുകകളും (ബി-17 ഷെഡ്യൂൾ)തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ എന്നിവ തനത് ഫണ്ടിൽ (ബാങ്ക്/ട്രഷറി) നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | ബി-4 ലെ തുക | ബി-17 ലെ തുക |
|---|---|---|---|---|
| 1 | 320100121 | Corporation Bank (ICDS)a/c No 8579 | 700017 | 755900 |
| 2. | 320200309 | Corporation Bank (Saksharata)a/c No 7727 | 15325 | 23443 |

1-2-4 ബാങ്ക് റീകൺസീലിയേഷൻ തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ എല്ലാ മാസങ്ങളിലും തയ്യാറാക്കി അതത് ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. (കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 57)) 2020 മാർച്ച്

31 ലെ നീക്കിയിരുപ്പ് ബാങ്ക് അക്കൗണ്ടുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| ക്രമ നം | ബാങ്ക് | അക്കൌണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1 | എസ്.ബി.ടി (E-payment) | 67389780669 | 2020 ജനവരി, ഫെബ്രുവരി, മാർച്ച് |
| 2 | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, കണ്ണമ്പ്ര- | 268(തനത് ഫണ്ട്) | 2020 ജനവരി, ഫെബ്രുവരി, മാർച്ച് |
| 3. | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, കണ്ണമ്പ്ര- | 5781(TSC) | 2020 ജനവരി, ഫെബ്രുവരി, മാർച്ച് |
| 4. | കോർപ്പറേഷൻ ബാങ്ക് | 8579 ((ICDS) | 2020 ജനവരി, ഫെബ്രുവരി, മാർച്ച് |
| 5. | പി.എൻ.ബി, മഞ്ഞപ്ര | 34512(MGNREGS) | 2020ജനവരി, ഫെബ്രുവരി, മാർച്ച് |
| 6. | TSB -6 | തനത് ഫണ്ട് ട്രഷറി | 2020ജനവരി, ഫെബ്രുവരി, മാർച്ച് |
| 7 | കോർപ്പറേഷൻ ബാങ്ക് | 7727 (സാക്ഷരത) | 2020 ജനവരി, ഫെബ്രുവരി, മാർച്ച് |
| 8 | ജോയിന്റ് വെൻച്വർ | 79901140000847 | 2020 ജനവരി, ഫെബ്രുവരി, മാർച്ച് |
| 9 | കോർപ്പറേഷൻ ബാങ്ക് | 64910 | എല്ലാ മാസങ്ങളിലും റീകൺസിലേഷൻ പത്രിക ഫയലിൽ ഉണ്ടെങ്കിലും ആരും സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. മാർച്ചിലെ റീകൺസിലേഷൻ പത്രിക പ്രകാരമുള്ള സാംഖ്യ ബാങ്ക് ബുക്ക് തുക RP 40(b) യിലെതുകയുമായി പൊരുത്തപ്പെടുന്നില്ല, |

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 20529642 |
| വരവ് | 83665896 |
| ആകെ | 104195538 |
| ചെലവ് | 83567145 |
| നീക്കിയിരിപ്പ് | 20628393 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11984487 | 11984487 | 11267066 | 717421 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7655588 | 7655588 | 5946574 | 1709014 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 355000 | 355000 | 260601 | 94399 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 11771000 | 11771000 | 6390558 | 5380442 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | | 0 | 4067000 | 4067000 | 2509612 | 1557388 |
| സെൻട്രൽ ഫിനാൻസ്കമ്മീഷൻ ഗ്രാന്റ് | | 0 | 10691636 | 10691636 | 9544293 | 1147343 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ടി.എസ്.സി കാമ്പെയ്ൻ | 66334 | 36100 | 102434 | 41274 | 61160 |
| | ഐ.സി. ഡി.എസ് | 841981 | 852097 | 1694078 | 994061 | 700017 |
| | സമ്പൂർണ്ണശുചിത്വം | 2067443 | 651083 | 2718526 | 1800188 | 918338 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 30827008 | 30827008 | 30827008 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 2944 | 1096112 | 1099056 | 1097125 | 1931 |
| | 100 തൊഴിൽദിനങ്ങൾ പൂർത്തിയാക്കുന്ന വർക്കുള്ള ഇൻസന്റീവ് | 0 | 226000 | 226000 | 226000 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | സാക്ഷരത | 7596 | 7729 | 15325 | 0 | 15325 |
| | കേരളോത്സവം | 0 | 200000 | 200000 | 20000 | 0 |
| | വിമുക്തി | 11440 | 0 | 11440 | 0 | 11440 |
| | ലൈഫ് സംസ്ഥാനവിഹിതം | 0 | 11900000 | 11900000 | 11900000 | 0 |
| | എം.ഡി രാമനാഥൻ സ്മാരക നിർമ്മാണം | 1000000 | 6971719 | 7971719 | 6371719 | 1600000 |
| | ബഡ്സ് സ്കൂൾ | 1250000 | 0 | 1250000 | 1250000 (പദ്ധതി നടപ്പിലാക്കാത്തതിനാൽതിരിച്ചടച്ചു) | 0 |

കുറിപ്പുകൾ

1. ലൈഫ് ഭവനപദ്ധതിക്കായുള്ള KURDFC ലോൺ തിരിച്ചടവ് തുക 20,00,000 രൂപ വികസനഫണ്ട് ജനറൽ വിഭാഗത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത് മേൽപട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. സാംഖ്യ ACR പ്രകാരം വികസനഫണ്ട് SCP യിൽ ആകെ ചെലവ് 5946574 രൂപയും നീക്കിയിരിപ്പ് 1709014 രൂപയും ആണ്. എന്നാൽ വാർഷികധനകാര്യ പത്രിക പ്രകാരം വികസനഫണ്ട് SCP യിൽ ആകെ ചെലവ് 5347843 രൂപ മാത്രമാണ്.

3. പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 31924133 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 5350249 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു.

4. വാർഷികധനകാര്യപത്രിക പ്രകാരം എൻ.ആർ.ഇ.ജി.എസ് അഡ്മിൻ ചെലവ് 739713 രൂപ മാത്രമാണ്. എന്നാൽ യഥാർത്ഥ അഡ്മിൻ ചെലവ് തുക 1097125 രൂപയാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 167 | 105774743 | 115 | 58771340 | --- | 52 | 68.86 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ

വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 6605000 | 4241450 | 64.22 |
| വി.ഇ.ഒ. | 7 | 7 | 40513860 | 21876687 | 54 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 4279150 | 3557807 | 83.14 |
| സെക്രട്ടറി | 24 | 18 | 6905225 | 3956243 | 57.29 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 104 | 61 | 38907758 | 20070078 | 51.58 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 4 | 635000 | 617028 | 97.17 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 780000 | 773016 | 99.1 |
| വെറ്ററിനറി സർജൻ | 7 | 5 | 3665000 | 708832 | 19.34 |
| പ്രധാന അധ്യാപകൻ | 3 | 2 | 900000 | 674825 | 74.98 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 963750 | 853750 | 88.59 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 3 | 1620000 | 1441624 | 88.99 |
| ആകെ | 167 | 115 | 105774743 | 58771340 | 55.56 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 25476759 | 25476759 | 25476759 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 5350249 | 5350249 | 5350249 | 0 |
| 100 തൊഴിൽദിനങ്ങൾ പൂർത്തിയാക്കുന്നവർക്കുള്ള ഇൻസന്റീവ് | 0 | 226000 | 226000 | 226000 | 0 |
| ഭരണച്ചെലവ് | 2944 | 1096112 | 1099056 | 1097125 | 1931 |
| ആകെ | 2944 | 32149120 | | 32150133 | 1931 |

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 31924133 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 5350249 രൂപയുടെ മൂലധനചെലവും ഉൾപ്പടുന്നു.

വാർഷികധനകാര്യപത്രിക പ്രകാരം എൻ.ആർ.ഇ.ജി.എസ് അഡ്മിൻ ചെലവ് 739713 രൂപ മാത്രമാണ്. എന്നാൽ യഥാർത്ഥ അഡ്മിൻ ചെലവ് തുക 1097125 രൂപയാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 87630 | 101 |
| കർഷകതൊഴിലാളി പെൻഷൻ | 4356000 | 665 |
| വിധവാപെൻഷൻ | 6692400 | 1129 |
| വാർദ്ധക്യകാലപെൻഷൻ | 10753800 | 1872 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 1489600 | 245 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |
| അവിവാഹിത പെൻഷൻ | 295200 | 47 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-12-2021-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 26,183/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കണക്കുകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകതകൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

ലൈഫ് പദ്ധതി ഇനത്തിൽ ലോൺ വരവും തിരിച്ചടവും മുൻ വർഷങ്ങളിലേതുൾപ്പെടെ ഉണ്ടെങ്കിലും ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മുഴുവൻ ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെയും ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ എല്ലാ മാസങ്ങളിലും തയ്യാറാക്കി അതത് ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2019-20 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹10606007/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു.

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ നഷ്ടമാകും എന്നതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

അക്കൗണ്ടിംഗിലെ അപാകതകൾ പരിഹരിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പദ്ധതികൾ നടപ്പിലാക്കാത്തതു വഴി പദ്ധതി പണം നഷ്ടമാവുന്ന പ്രവണത ഒഴിവാക്കുന്നതിനായി ഭരണ സമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റ് വിഭാഗം 11/2021 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ടെങ്കിലും മാർച്ച് 2021 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1997-98 മുതൽ 2007-08 വരെയുള്ള കണക്കുകളാണ് അവസാനം പരിശോധിച്ചത്. ഓഡിറ്റ് റിപ്പോർട്ട് 04.08.2008 ൽ ലഭ്യമായിട്ടുണ്ട്. നിലവിൽ ഈ റിപ്പോർട്ടിന്റെ എല്ലാ ഖണ്ഡികകളും തീർപ്പാക്കിയിട്ടുണ്ട്. ഗുരുതരമായ അപാകതകളൊന്നും ഇല്ല.

## 1-11 തൊഴിൽ നികുതി പരിശോധനയിൻ മേലുള്ള കണ്ടെത്തലുകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1-11-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2019-2020 സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | പട്ടിക ജാതി സഹകരണ സംഘം, കണ്ണമ്പ്ര | 1 & 2ാം അർദ്ധവർഷം |
| 2 | ഖാദി വ്യവസായ യൂണിറ്റ്, മേക്കുന്ന് | 1 & 2ാം അർദ്ധവർഷം |

മേൽ വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് റിക്വസിഷൻ 8 /24.12.2021ന് ലഭ്യമാക്കിയ മറുപടിയിൽ പട്ടിക ജാതി സഹകരണ സംഘം കണ്ണമ്പ്ര , ഖാദി വ്യവസായ യൂണിറ്റ്, മേക്കുന്ന് എന്നീ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതിന് അവർ സമർപ്പിച്ച റിട്ടേൺ/ കത്ത് പ്രകാരം ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളം തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടാതിരുന്നതിനാലാണ് തൊഴിൽ നികുതി ഈടാക്കാതിരുന്നത് എന്ന് അറിയിച്ചിരിക്കുന്നത്.

തൊഴിൽ നികുതി റിട്ടേൺ പ്രകാരം തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും ഈ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി റിട്ടേൺ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

1-11-2 റേഷൻ കട നടത്തിപ്പുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കട നടത്തിപ്പുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് നൽകിയ ഓഡിറ്റ് റിക്വസിഷൻ 8 - 24/12/2021 ന് 9 റേഷൻ കട നടത്തിപ്പുകാരിൽ നിന്നും തൊഴിൽ ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-12 സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. മറ്റ് രേഖകളൊന്നും പുതുക്കലിനായി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടില്ല. ലൈസൻസ് പുതുക്കലിനുള്ള അപേക്ഷയോടൊപ്പം ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല. കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് റിക്വസിഷൻ 9/22.12.2021 ന് വ്യവസായ/ഫാക്ടറി/ വ്യാപാരസംരംഭകത്വ/ മറ്റ് സേവനങ്ങൾ എന്നിവയുടെ അപേക്ഷ ഫോമിൽ തന്നെ അപേക്ഷകന്റെ സത്യപ്രസ്താവന പ്രിന്റ് ചെയ്ത് നല്കിയിട്ടുണ്ട്. ആയതിനാലാണ് പ്രത്യേക സത്യവാങ്മൂലം വാങ്ങാതിരുന്നത് എന്ന മറുപടി ലഭ്യമാക്കിയിരിക്കുന്നു.

ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല

ആരോഗ്യ സുരക്ഷക്ക് മാലിന്യമുക്ത കേരളം പെൻസിൽ കാമ്പയിൻ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്നും വൗച്ചർ നം 21900157/24.05.19 പ്രകാരം 6125 രൂപ ചെലവ് ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് ഡയറക്ടറുടെ PAN /20018/2018-j5(DP) Dt 9.05.19 , ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ A3/424/HKM/18 Dt 6.05.19 എന്നീ കത്തുകൾ പ്രകാരം പെൻസിൽ കാമ്പയിൻ ചെലവുകൾ

കില നിർവ്വഹിക്കേണ്ടതാണെന്നും ഈ ഇനത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവാകുന്ന തുകകൾ കിലയിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ചെലവു വൗച്ചറുകൾ ഡി.ഡി.പി മുഖേന കിലയ്ക്ക് അയച്ചു നൽകിയിട്ടുണ്ടെങ്കിലും തുക തിരികെ ലഭ്യമായതിന്റെ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. ടി തുക തിരികെ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

( ഓഡിറ്റ് അന്വേഷണം നം 14/27.12.2021, മറുപടി പരിഗണിച്ചു)

## 1-14 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

വൗച്ചർ നമ്പർ :21900114 / തീയതി: 10/05/2019

ചെക്ക് നമ്പർ: 68145 തീയതി:10/05/2019

തുക – 1,60,000/-

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

ആരോഗ്യ ജാഗ്രത മഴക്കാല പൂർവ്വ ശുചീകരണത്തിനായി ശുചിത്വ മിഷൻ ഫണ്ട് വാർഡ് 1 ന് 10,000/- രൂപ വീതം പതിനാറു വാർഡുകളിലേക്ക് തനതു ഫണ്ടിൽ നിന്ന് മുൻകൂറായി തുക നല്കിയിട്ടുണ്ട്. ഓരോ വാർഡിലെ സാനിറ്റേഷന് കമ്മിറ്റിക്കാണ് തുക നല്കിയിട്ടുള്ളത്. ആയതിന്റെ ചെലവ് രേഖകൾ, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് റിക്വിസിഷൻ 13-27/12/2021 ന് വാർഡ് 1, 3 എന്നിവയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 20,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായ നിരക്കിൽ അനുവദിക്കുന്നതിന് മതിയായ തുക വകയിരുത്തേണ്ടതാണ്

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 90/20 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് യാത്രാബത്ത അനുവദിക്കൽ | 375000 ( 200000- വികസന ഫണ്ട് ജനറൽ, 100000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 75000- ജില്ലാ പഞ്ചായത്ത് വിഹിതം) | 350000 ( 200000- വികസന ഫണ്ട് ജനറൽ, 100000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 50000- ജില്ലാ പഞ്ചായത്ത് വിഹിതം) |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 375000 രൂപ വകയിരുത്തുകയും 350000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ തുകയും അനുവദിക്കുവാൻ പര്യാപ്തമായ തുക പ്രോജക്ടിൽ വകയിരുത്തിയിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 22/2018/തസ്വഭവ/14.02.2018 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത, വസ്ത്രങ്ങൾക്കുള്ള ബത്ത എന്നിവ ഉൾപ്പെടെ 28500 രൂപ വരെ ഒരു വർഷം അനുവദിക്കാവുന്നതാണ്. പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 28 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ശരാശരി 15000 രൂപ മാത്രമാണ് നൽകാൻ കഴിഞ്ഞിട്ടുള്ളത്.

എല്ലാ കുട്ടികൾക്കും അർഹമായ തുക മുഴുവനായും ലഭ്യമാക്കുന്ന രീതിയിൽ തുക വകയിരുത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 4/ 20-12-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് മതിയായ തുക വകയിരുത്താൻ കഴിയാതിരുന്നതെന്ന് മറുപടി ലഭ്യമാക്കി.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഭിന്നശേഷിയുള്ള കുട്ടികൾക്ക് അർഹമായ മുഴുവൻ ആനുകൂല്യങ്ങളും ലഭിക്കത്തക്ക രീതിയിൽ മതിയായ തുക വകയിരുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിയുള്ള കുട്ടികളുടെ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുകയും അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

1-16 വയോജനങ്ങൾക്ക് കട്ടിൽ - ടെണ്ടർ നടപടിക്രമങ്ങളിലെ അപാകങ്ങൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പട്ടികജാതിക്കാരായ വയോജനങ്ങൾക്ക് കട്ടിൽ എന്ന പേരിൽ ഒരു പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് | ബിൽ നം./തീയതി |
|---|---|---|---|
| 37/20, പട്ടികജാതിക്കാരായ വയോജനങ്ങൾക്ക് കട്ടിൽ | 250150 ( 250000- വികസന ഫണ്ട് എസ്.സി.പി, 150 - തനത് ഫണ്ട്) | 235746 | 7/22-1-20 – 97292/-<br>11/ 11-3-20 - 48646/-<br>13/ 30-3-20 – 44904/-<br>14/ 30-3-20 – 44904/- |

എസ്.സാലി & അസോസിയേറ്റ്സ്, വടക്കഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. 63 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. വാങ്ങൽ നടപടിക്രമങ്ങളുടെ കൃത്യത പരിശോധിച്ചതിൽ സ.ഉ(പി) നം. 259/2010/ത.സ്വ.ഭ.വ തീയതി.08-11-2010 പ്രകാരമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ, സ്റ്റോർസ് പർച്ചേസ് മാന്വൽ 2013 എന്നിവ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല എന്നു കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. നം. എ2- 2724/2019 തി. 01-08-19 പ്രകാരം ടെണ്ടർ പരസ്യം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 100000 രൂപയിൽ കൂടുതൽ ആണെങ്കിൽ പ്രൊക്യൂർമെന്റ് മാർഗരേഖ പ്രകാരം ഓപ്പൺ ടെണ്ടർ നടത്തേണ്ടതാണ്. ഇതിനായി വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം നൽകേണ്ടതാണ്. പരസ്യ തീയതി മുതൽ 21 ദിവസം ടെണ്ടർ സമർപ്പണത്തിന് സമയം അനുവദിക്കേണ്ടതാണ്. ഫയൽ പരിശോധിച്ചതിൽ പത്രപരസ്യം നൽകിയതിന്റെ രേഖകൾ ലഭ്യമല്ല. കൂടാതെ ടെണ്ടർ സമർപ്പണത്തിന് 14 ദിവസത്തെ സമയമാണ് അനുവദിച്ചിട്ടുള്ളത്.

2. എസ്. സാലി & അസോസിയേറ്റ്സ്, വടക്കഞ്ചേരി, സംസം ഇൻഡസ്ട്രീസ് , കൊടുന്തിരപ്പുള്ളി എന്നീ രണ്ട് സ്ഥാപനങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്. ടെണ്ടർ പരസ്യം പ്രകാരം കട്ടിലിന്റെ സ്പെസിഫിക്കേഷൻ നീളം- 1.98 Cm, വീതി- 90cm , കട്ടിലിന്റെ മുൻകാൽ നീളം 60cm, പിൻകാൽ നീളം 50cm, 8mm കനമുള്ള പ്ലൈവുഡ് ഉറപ്പിച്ചത് ( മരത്തടി / സ്റ്റീൽ ) എന്നാണ്.

പ്രസ്തുത സ്പെസിഫിക്കേഷനുള്ള കട്ടിലിന്റെ വില സ്ഥാപനങ്ങൾ ക്വോട്ട് ചെയ്തിട്ടുള്ളത്-

| | |
|---|---|
| എസ്.സാലി & അസോസിയേറ്റ്സ് | ടെണ്ടർ പരസ്യം പ്രകാരമുള്ള സ്പെസിഫിക്കേഷൻ അല്ല . 8mm |

| | |
|---|---|
| | പ്ലൈവുഡിന് പകരം 9mm, 10mm, 12mm പ്ലൈവുഡിന്റെ കട്ടിലുകളുടെ നിരക്കുകളാണ് ക്വോട്ട് ചെയ്തിട്ടുള്ളത്.<br>1. 9mm പ്ലൈവുഡ് ഉറപ്പിച്ച സ്റ്റീലിന്റെ കട്ടിൽ - 2874 രൂപ<br>2. 10mm പ്ലൈവുഡ് ഉറപ്പിച്ച സ്റ്റീലിന്റെ കട്ടിൽ - 3238 രൂപ<br>3. 12mm പ്ലൈവുഡ് ഉറപ്പിച്ച സ്റ്റീലിന്റെ കട്ടിൽ - 3742രൂപ<br>4. 10mm പ്ലൈവുഡ് ഉറപ്പിച്ച മരത്തിന്റെ കട്ടിൽ - 3980 രൂപ<br>5. 12mm പ്ലൈവുഡ് ഉറപ്പിച്ച മരത്തിന്റെ കട്ടിൽ - 4248 രൂപ<br>6. 10mm പ്ലൈവുഡ് ഉറപ്പിച്ച മരത്തിന്റെ കട്ടിൽ (തേക്ക്) - 4298 രൂപ |
| സംസം ഇൻഡസ്ട്രീസ് | 1. 8mm പ്ലൈവുഡ് ഉറപ്പിച്ച സ്റ്റീലിന്റെ കട്ടിൽ - 2800 രൂപ |

ഭരണസമിതിയുടെ 24-09-2019 ലെ 4.1 നമ്പർ യോഗതീരുമാന പ്രകാരം വയോജനങ്ങൾക്ക് നൽകുന്ന ആനുകൂല്യമായതിനാൽ വിലക്കുറവിനേക്കാൾ പ്രാധാന്യം ഗുണമേന്മയ്ക്കാണെന്ന വാങ്ങൽ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എസ്.സാലി & അസോസിയേറ്റ്സ് രേഖപ്പെടുത്തിയ സ്റ്റീലിന്റെ കട്ടിൽ (നീളം- 1.98 Cm, വീതി- 90cm , കട്ടിലിന്റെ മുൻകാൽ നീളം 60cm, പിൻകാൽ നീളം 50cm, 12mm കനമുള്ള പ്ലൈവുഡ് ഉറപ്പിച്ചത് ) - 3742 രൂപ

എന്ന നിരക്ക് അംഗീകരിച്ചു.

അംഗീകരിച്ച ടെണ്ടർ പ്രകാരം 3742 രൂപ നിരക്കിൽ 12mm പ്ലൈവുഡ് ഉറപ്പിച്ച കട്ടിൽ ആണ് വിതരണം ചെയ്യേണ്ടതെങ്കിലും സ്ഥാപനത്തിന്റെ ബില്ലുകൾ പരിശോധിച്ചതിൽ 8mm പ്ലൈവുഡ് ഉറപ്പിച്ച കട്ടിലുകൾ ആണ് അതേ നിരക്കിൽ വിതരണം ചെയ്തിട്ടുള്ളത് . അംഗീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിലുകളാണ് ലഭിച്ചത് എന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ 6/22-12-2021 നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ 8mm മുതൽ 12mm വരെയുള്ള പ്ലൈവുഡ് ഉറപ്പിച്ച കട്ടിലുകളുടെ നിരക്കുകൾ എല്ലാം ഏകദേശം ഒരേ നിരക്കായതിനാലും വിലക്കുറവിനേക്കാളും പ്രാധാന്യം ഗുണമേൻമയ്ക്കാണെന്നുള്ള വാങ്ങൽ കമ്മിറ്റിയുടെ തീരുമാനം ഉള്ളതിനാലുമാണ് പ്രസ്തുത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചത് എന്ന് അറിയിച്ചു.

അനുവദനീയമായ സബ്സിഡി നിരക്കിൽ അധികരിച്ചിട്ടില്ലെങ്കിലും 12mm കട്ടിലിന്റെ നിരക്കിൽ 8mm പ്ലൈവുഡിന്റെ കട്ടിലുകൾ ലഭിച്ചതിനാൽ ഗുണമേന്മയ്ക്കായി കൂടുതൽ തുക നൽകിയതിന് ഫലമുണ്ടായില്ല എന്ന് വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശം

1. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് മാർഗരേഖ, സ്റ്റോർസ് പർച്ചേസ് മാന്വൽ എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

2. ടെണ്ടർ ക്ഷണിച്ചതിനു ശേഷം സ്പെസിഫിക്കേഷനുകളിൽ മാറ്റം വരുത്തരുത്.

2. സാധനങ്ങൾ കൈപ്പറ്റുന്ന സമയത്ത് അംഗീകരിച്ച/ സപ്ലൈ ഓർഡർ നൽകിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ തന്നെയാണ് ലഭിച്ചിട്ടുള്ളത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-17 അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി ടി.ഡി.എസ്

നടത്തിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി അങ്കണവാടി പോഷകാഹാരം എന്ന പേരിൽ 2 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 21/20 | അങ്കണവാടികളിലെ പൂരകപോഷകാഹാര പദ്ധതി | 2400000( 1000000 – വികസന ഫണ്ട് , 1000000- കേന്ദ്രാവിഷ്കൃത ഫണ്ട്, 400000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 2094061 |
| 26/20 | അങ്കണവാടികളിലെ പൂരകപോഷകാഹാര പദ്ധതി (എസ്.സി.പി) | 100000 (വികസന ഫണ്ട് എസ്.സി.പി) | 100000 |

മേൽ പ്രോജക്ടുകൾ പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി തുക ചെലവഴിച്ചതിൽ ഉദയാനന്ദം ഫുഡ്സ്, കണ്ണാടി, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങിയതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്. എന്നാൽ താഴെ പറഞ്ഞ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ 2% ജി.എസ്.ടി കുറവു ചെയ്തിട്ടില്ല.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക ( ജി.എസ്.ടി ഒഴികെയുള്ളത്) | ബിൽ നം. / തീയതി |
|---|---|---|---|
| 1. | 472/ 29-03-19 | 80850 | 1/ 29-07-19 |
| | 474/ 29-03-19 | 24708 | |
| | 502/ 30-04-19 | 80850 | |
| | 504/30-04-19 | 24708 | |
| | 520/07-06-19 | 82075 | |
| | 522/ 07-06-19 | 24708 | |
| 2. | 541/ 26-07-19 | 67200 | 03/ 14-01-20 |
| | 543/ 28-07-19 | 23316 | |
| 3. | 568/ 21-08-19 | 79870 | ബ്ലോക്ക് വിഹിതം NEFT 17-01-20 |
| 4 | 582/ 27-09-19 | 72030 | കേന്ദ്ര |

| | | | |
|---|---|---|---|
| | 583/ 27-09-19 | 25056 | വിഹിതം ചെക്ക് നം. 074290 തി. 13-01-20 |
| | 597/ 15-10-19 | 85995 | |
| | 598/ 15-10-19 | 24012 | |
| | 609/ 16-11-19 | 75180 | |
| | 610/ 16-11-19 | 23316 | |
| 5 | 635/ 21-12-19 | 24708 | 10/ 11-03-20 |
| ആകെ | | 818582 | |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/20-12-21) പ്രസ്തുത സ്ഥാപനം 2019-20 ലെ ജി.എസ്.ടി വാർഷിക റിട്ടേൺ ഫയൽ ചെയ്തതിന്റെ പകർപ്പ് ഹാജരാക്കി.

ഓഡിറ്റ് നിർദ്ദേശം

ഭാവിയിൽ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുമ്പോൾ കരാർ തുക 2.50 ലക്ഷത്തിൽ അധികമാണെങ്കിൽ ബിൽ തുകയിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് നടത്തിയതിനു ശേഷം തുക അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-18 കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണം- വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ - 7/20

അടങ്കൽ - 625000 (156250- വികസന ഫണ്ട് ജനറൽ, 156250- സംസ്ഥാനാവിഷ്കൃത ഫണ്ട്, 312500- ഗുണഭോക്തൃ വിഹിതം)

ചെലവ് - 156250 (വികസന ഫണ്ട് ജനറൽ)

ബിൽ നം./ തീയതി - 3/ 31-12-19

കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി എന്ന പ്രോജക്ട് പ്രകാരം 25 ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി 2019-20വർഷ ത്തിൽ 156250 രൂപ അസിസ്റ്റന്റ് ഡയറക്ടർ (CFSP), പാലക്കാട് -ന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. പ്രോജക്ട് പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 9/ 24-12-21) പ്രോജക്ട് പൂർത്തിയായിട്ടില്ല എന്നും പൂർത്തിയാകുന്ന മുറയ്ക്ക് ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-19 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 104 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 61 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ 42 പ്രവൃത്തികൾ സ്പിൽ ഓവർ പ്രവൃത്തികളും 62 പ്രവൃത്തികൾ പുതിയ പ്രവൃത്തികളുമാണ്. ₹38907758 വകയിരുത്തിയതിൽ ₹20070078 ആണ് ചെലവഴിച്ചിട്ടുള്ളത്. 51.58% ആണ് തൻവർഷത്തെ ആകെ ചെലവ്. ₹18837680/- പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ നഷ്ടമായി.

അസിസ്റ്റന്റ് എഞ്ചിനിയർ 3/2020 മാസത്തിൽ ട്രഷറിയിൽ സമർപ്പിച്ച ₹3569748/-യുടെ 8 ബില്ലുകൾ ട്രഷറിയിൽ നിന്നും മാറാതിരുന്നതിനാൽ ക്യൂ ബില്ലുകളായി മാറിയിട്ടുണ്ട്.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ | ചെലവഴിച്ച | ലാപ്സായ |
|---|---|---|---|

| | തുക | തുക | തുക |
|---|---|---|---|
| പൊതുവിഭാഗം (സാധാരണ വിഹിതം) | 1850000 | 788890 | 1061110 |
| പൊതുവിഭാഗം(ടി.എസ്.പി) | 355000 | 260601 | 94399 |
| പൊതുവിഭാഗം(എസ്.സി.പി) | 3781000 | 1050473 | 2730527 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10727358 | 8963930 | 1763428 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1866328 | 1308188 | 558140 |
| തനതു ഫണ്ട് | 382472 | 68800 | 313672 |
| ബ്ലോക്ക് പഞ്ചായത്ത് | 2280000 | 0 | 2280000 |
| മെയി.ഫണ്ട്(റോഡ്) | 14125200 | 6390558 | 7734642 |
| മെയി.ഫണ്ട് (നോൺ-റോഡ്) | 3540400 | 1238638 | 2301762 |
| ആകെ | 38907758 | 20070078 | 18837680 |

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. റോഡ് കണക്റ്റിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

3. ആസ്തി രജിസ്ററർ 2019-20 വർഷം വരെ കാലികമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച നൽകുന്ന ആസ്തികൾ, എം.പി. ഫണ്ട്, എം.എൽ.എ.ഫണ്ട് എന്നിവ ഉപയോഗിച്ച നിർമ്മിക്കുന്ന ആസ്തികൾ എന്നിവ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

4. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാനുവൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

5. ടെണ്ടർ രജിസ്റ്ററിൽ ഭരണ സമിതി തീരുമാനം/തിയതി എഴുതുന്നില്ല.

6. കരാറുകാരൻ EMD,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങൾക്കായി അസി.എഞ്ചിനീയർക്ക് പ്ലെഡ്ജ് ചെയ്ത് സമർപ്പിക്കുന്ന FD Receipts വർക്ക് ഫയലുകളിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു. ഇവയുടെ വിവരങ്ങൾ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.

7. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണത്തീയതി ചേർത്തിട്ടില്ല.

8. മിക്ക പ്രവൃത്തികളിലും നെയിം ബോർഡിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തുകയോ നെയിം ബോർഡ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.

9. കരാറുകാരനുമായി ചമക്കുന്ന എഗ്രിമെന്റുകളിൽ ഒപ്പ് മാത്രമാണ് ഉള്ളത്. എഗ്രിമെന്റ് നം., തിയതി തുടങ്ങി മറ്റു വിവരങ്ങൾ ഒന്നും രേഖപ്പെടുത്തുന്നില്ല. ഉദാ:- 158/20 എംസിഎഫ്-കെട്ടിട പുനരുദ്ധാരണവും ചുറ്റു മതിൽ നിർമ്മാണവും.

10 കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസുകളിൽ കരാറുകാരന്റെ പേര്, പ്രവൃത്തിയുടെ പേര് എന്നിവ മാത്രമാണ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത്. മറ്റ് വിവരങ്ങൾ, തിയതി എന്നിവ രേഖപ്പെടുത്തുന്നില്ല.

11 എ. പ്രോജക്റ്റുകളുടെ ആധിക്യം

സ്പിൽഓവർ പ്രോജക്റ്റുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്റ്റുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 104 മരാമത്ത് പ്രവൃത്തികളിൽ 42 എണ്ണം (40%) സ്പിൽഓവർ പ്രോജക്റ്റുകളാണ്.

ബി. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

റോഡ് കോൺക്രീറ്റിംഗിനാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്. തൻവർഷം ഏറ്റെടുത്ത 104 മരാമത്ത് പ്രവൃത്തികളിൽ 46 എണ്ണം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളും 13 പ്രവൃത്തികൾ ടാറിംഗ് പ്രവൃത്തികളുമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/23.12.2021ന് അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റോഡ് കണക്ടിവിറ്റി മാപ്പ് 10 വാർഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി വാർഡുകൾ ഉടൻ പൂർത്തീകരിക്കുന്നതാണ് എന്നും ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചു നൽകുന്ന ആസ്തികൾ, എം.പി. ഫണ്ട്, എം.എൽ.എ.ഫണ്ട് എന്നിവ ഉപയോഗിച്ചു നിർമ്മിക്കുന്ന ആസ്തികൾ എന്നിവ ആസ്തി രജിസ്റ്ററിൽ ചേർക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവിഷ്കരിക്കുന്ന പദ്ധതികൾ അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-20 വിവിധ പുനരുദ്ധാരണ പ്രവൃത്തികൾ -തുടർ നടപടി സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി വിവിധ കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. അതിൽ പൊളിച്ച് മാറ്റിയ Serviceable Materials ഉപയോഗയോഗ്യമായവ സ്റ്റാക്ക ചെയ്യുന്നതിനും അല്ലാത്തവ നീക്കം ചെയ്യുന്നതിനുമാണ് തുക നൽകിയിട്ടുണ്ട്.

പൊളിച്ച് മാറ്റിയ ഇനങ്ങളുടെ വാല്യുവേഷൻ നടത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദ വിവരം ഖണ്ഡിക 1-20-1, 1-20-2 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-20-1 അങ്കണവാടികൾ പുനരുദ്ധാരണം (കല്ലേരി, രക്കാണ്ടി, ചല്ലിപറമ്പ്, തെക്കേത്തറ, ചിറ) - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

അങ്കണവാടികൾ പുനരുദ്ധാരണം (കല്ലേരി, രക്കാണ്ടി, ചല്ലിപറമ്പ്, തെക്കേത്തറ, ചിറ) എന്ന പ്രവൃത്തിയിൽ രക്കാണ്ടി അങ്കണവാടിയിൽ നിലവിലുള്ള കെട്ടിടത്തിന്റെ മേൽക്കൂര മുഴുവൻ മാറ്റി പുതിയത് വയ്ക്കുന്നതിനാണ് തുക നൽകിയിരിക്കുന്നത് . പൊളിച്ചുമാറ്റിയ ഇനങ്ങൾ സൈറ്റിൽ തന്നെ സൂക്ഷിച്ചിട്ടുണ്ട് എന്ന് മെഷർമെന്റ് ബുക്കിൽ നിർവഹണ ഉദ്യോഗസ്ഥൻ (455/18-19 പേജ് -6) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാല്യുവേഷൻ നടത്തിയിട്ടില്ല. ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊജക്റ്റ് നം. S0129/20 – അങ്കണവാടികൾ പുനരുദ്ധാരണം (കല്ലേരി, രക്കാണ്ടി, ചല്ലിപറമ്പ്, തെക്കേത്തറ, ചിറ)

അടങ്കൽ - ₹ 483000 -MG (NR)

ചെലവ് - ₹328841 (ബിൽ നം. 16/7.5.19)

₹ 152581 (ബിൽ നം. 35/7.9.19)

അളവു പുസ്തകം - 462/18-19, 548/18-19, 455/18-19

കരാറുകാരൻ - ശ്രീ.കെ.അരവിന്ദാക്ഷൻ

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രവൃത്തിയിൽ ഇനം (21), (22), (23) എന്നിവ പ്രകാരം പൊളിച്ച് മാറ്റിയ Serviceable Materials ഉപയോഗയോഗ്യമായവ സ്റ്റാക്ക ചെയ്യുന്നതിനും അല്ലാത്തവ നീക്കം ചെയ്യുന്നതിനുമാണ് തുക നൽകിയിരിക്കുന്നത്. ഇനം (9) പ്രകാരം ട്രെസ്സ് വർക്ക് സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. പൊളിച്ച് മാറ്റിയ ഇനങ്ങളുടെ വാല്യുവേഷൻ നടത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/27.12.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എം.ബി.യിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി തുടർ നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-20-2 MCF കെട്ടിടം പുനരുദ്ധാരണവും ചുറ്റ് മതിൽ നിർമ്മാണവും - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

MCF കെട്ടിടം പുനരുദ്ധാരണവും ചുറ്റ് മതിൽ നിർമ്മാണവും എന്ന പ്രവൃത്തിയിൽ നിലവിലുള്ള കെട്ടിടത്തിന്റെ മേൽക്കൂര മുഴുവൻ മാറ്റി പുതിയത് വയ്ക്കുന്നതിനും അറ്റകുറ്റപണി നടത്തി MCF കെട്ടിടം ആക്കുന്നതിനും പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് നിർമ്മിക്കുന്നതിനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനുമാണ് തുക നൽകിയിരിക്കുന്നത്. പൊളിച്ചുമാറ്റിയ ഇനങ്ങളെ സംബന്ധിച്ച് മെഷർമെന്റ് ബുക്കിൽ നിർവഹണ ഉദ്യോഗസ്ഥൻ വാല്യുവേഷൻ നടത്തി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം. 158/20 – MCF കെട്ടിടം പുനരുദ്ധാരണവും ചുറ്റ് മതിൽ നിർമ്മാണവും

അടങ്കൽ - ₹ 1200000 -കേന്ദ്രാവിഷ്കൃത ഫണ്ട്

ചെലവ് - ₹1053672 (ചെക്ക് നം. 2122283/31.8.2019)

അളവു പുസ്തകം - 451/18-19, 543/18-19, 545/18-19, 463/18-19

കരാറുകാരൻ - ശ്രീ.സജിത്കുമാർ.എം.

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

പ്രസ്തുത പ്രവൃത്തിയിൽ നിലവിലുള്ള കെട്ടിടത്തിന്റെ മേൽക്കൂര മുഴുവൻ മാറ്റി പുതിയത് വയ്ക്കുന്നതിനും അറ്റകുറ്റപണി നടത്തി MCF കെട്ടിടം ആക്കുന്നതിനും തുക നൽകിയിരിക്കുന്നത്. കെട്ടിടത്തിന്റെ കേടുവന്ന മേൽക്കൂര, വാതിൽ -2 എണ്ണം, ജനൽ -3 എണ്ണം, വെന്റിലേറ്റർ -1 എണ്ണം എന്നിവ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ഇനം (17), (18) എന്നിവ പ്രകാരം പൊളിച്ച് മാറ്റിയ Serviceable Materials ഉപയോഗയോഗ്യമായവ സ്റ്റാക്ക ചെയ്യുന്നതിനും അല്ലാത്തവ നീക്കം ചെയ്യുന്നതിനുമാണ് തുക നൽകിയിരിക്കുന്നത്. പൊളിച്ചുമാറ്റിയ ഇനങ്ങളെ സംബന്ധിച്ച് മെഷർമെന്റ് ബുക്കിൽ നിർവഹണ ഉദ്യോഗസ്ഥൻ വാല്യുവേഷൻ നടത്തി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. പൊളിച്ച് മാറ്റിയ ഇനങ്ങളുടെ വാല്യുവേഷൻ നടത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/27.12.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എം.ബി.യിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി തുടർ നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-21 കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കേണ്ടതാണ്

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്താത്തതിനാൽ പ്രവർത്തനക്ഷമമാവുന്നില്ല. മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്തി പദ്ധതികൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദ വിവരം ഖണ്ഡിക 1-21-1, 1-21-2 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-21-1 വല്യപറമ്പ് കുടിവെള്ള പദ്ധതി

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കുന്ന വല്യപറമ്പ് കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം. 126/19, 156/20 -വല്യപറമ്പ് കുടിവെള്ള പദ്ധതി കിണറും മോട്ടോറും

അടങ്കൽ - ₹200000/- (CFC)

ചെലവ് - ₹192765/- (ബിൽ നം. 17/27.6.19)

അളവു പുസ്തകം - 454/18-19

കരാറുകാരൻ - ശ്രീ.എൻ.ഹക്കീം

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

നിലവിലുള്ള വല്യപറമ്പ് കുടിവെള്ള പദ്ധതിയുടെ മോട്ടോർ ബോർവെല്ലിനുള്ളിൽ കുടുങ്ങുകയും പാനൽ ബോർഡ് നശിച്ചു പോവുകയും ചെയ്തതിനാൽ പുതിയ കുഴൽ കിണർ കുഴിക്കുന്നതിനും 7.5HP മോട്ടോർ വാങ്ങാനുമാണ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരിക്കുന്നത്. നിലവിലെ പമ്പ്ഹൌസിൽ നിന്നും 15m. മാറി കുന്നത്ത് ഹൌസിന്റെ എതിർവശത്താണ് ബോർവെൽ കുഴിച്ചിട്ടുള്ളത്. പൈപ്പ്ലൈൻ, മോട്ടോർ, പാനൽ ബോർഡ് എന്നിവ സ്ഥാപിച്ച് പദ്ധതി ഉപയോഗപ്രദമാക്കിയതിന്റെയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും, പഴയ ബോർവെൽ മൂടാൻ സ്വീകരിച്ച നടപടികളും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/27.12.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി സ്വീകരിച്ച് പദ്ധതി ഉപയോഗപ്രദമാക്കി വിവരം അറിയിക്കേണ്ടതും പഴയ ബോർവെൽ മൂടാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-21-2 കിഴക്കേക്കളം DWSS

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കുന്ന കിഴക്കേക്കളം കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം. 34/19, 131/20 -കിഴക്കേക്കളം DWSS

അടങ്കൽ - ₹100000/- [Plan (SCP)]

ചെലവ് - ₹95138/- (ബിൽ നം. 3/7.5.19)

അളവു പുസ്തകം - 368/18-19

കരാറുകാരൻ - ശ്രീ.കെ.ഉദയകുമാർ

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

കിഴക്കേക്കളം പ്രദേശത്ത് നിലവിലുള്ള കുടിവെള്ള പദ്ധതിക്ക് തറ കെട്ടി പിവിസി വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരിക്കുന്നത്. പൈപ്പ്ലൈൻ, മോട്ടോർ, പാനൽ ബോർഡ് എന്നിവ സ്ഥാപിച്ച് പദ്ധതി ഉപയോഗപ്രദമാക്കിയതിന്റെയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/27.12.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി സ്വീകരിച്ച് പദ്ധതി ഉപയോഗപ്രദമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ

പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമനം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 156/20 -വലുപറമ്പ് കുടിവെള്ള പദ്ധതി കിണറും മോട്ടോറും<br>അടങ്കൽ - 200000- Plan(CFC)<br>APAC- 199564<br>കരാറുകാരൻ - ശ്രീ.എൻ.ഹക്കീം<br>എഗ്രിമെന്റ് നം.: 32/31.8.18<br>ഭരണ സമിതി തീരുമാനം : 27.7.18 (6) | 2-8-2018 | 15-8-2018 | 31-8-2018 | 1996 |
| 2 | 132/20 -ചേവക്കോട് DWSS<br>അടങ്കൽ - 456000- Plan(SCP)<br>APAC- 445700.99<br>കരാറുകാരൻ - ശ്രീ.എൻ.ഹക്കീം<br>എഗ്രിമെന്റ് നം.: 31/31.8.2018 | 2-8-2018 | 15-8-2018 | 31-8-2018 | 4457 |

| | | | | | |
|---|---|---|---|---|---|
| | ഭരണ സമിതി തീരുമാനം : 27-7-2018(6) | | | | |
| 3 | 159/20 -കാരപൊറ്റ കെ.എം.എൽ.പി. സ്കൂൾ -ടോയ്‌ലറ്റ് നിർമ്മാണം<br>അടങ്കൽ - 260000- കേന്ദ്രാവിഷ്കൃത ഫണ്ട്<br>APAC- 259329.19<br>കരാറുകാരൻ - ശ്രീ.ക.രാജപ്പൻ<br>എഗ്രിമെന്റ് നം.: 71/4.6.2019<br>ഭരണ സമിതി തീരുമാനം : 6-3-2019 (1/1) | 6-3-2019 | 19-3-2019 | 4-6-2019 | 2593 |
| ആകെ ഈടാക്കേണ്ട പിഴ | | | | | 9046 |

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/27.12.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 പകൽവീട് - പ്രവർത്തനക്ഷമമാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ചൂർക്കുന്ന് പകൽവീട് പൂർത്തീകരണം, ചൂർക്കുന്ന് പകൽവീട് ചുറ്റുമതിൽ പൂർത്തീകരണം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടം പ്രവർത്തനക്ഷമമായിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

1. So162/19 -ചൂർക്കുന്ന് പകൽവീട് പൂർത്തീകരണം

അടങ്കൽ - ₹200000/- [Plan(gen)]

ചെലവ് - ₹193398/- (ബിൽ നം. 4/7.5.19)

- ₹500000/- (2018-19 വർഷം) (ചെക്ക് നം.2629233/30.4.19)

കരാറുകാരൻ - ശ്രീ.ആർ.ശശിധരൻ

എഗ്രിമെന്റ് നം. 40/22.12.18

എം.ബി. നം. - 371/18-19, 385/18-19, 387/18-19, 391/18-19

2. So.161/20 -ചൂർക്കുന്ന് പകൽവീട് ചുറ്റു മതിൽ

അടങ്കൽ -₹100000 [Plan(Gen)]

ചെലവ് - ₹89373/- (ബിൽ നം. 10/12.4.20)

കരാറുകാരൻ -ശ്രീ.ബൈജു.എം.മാത്യു

എഗ്രിമെന്റ് നം. - 28/4.11.19)


എം.ബി.നം. - 100/1920

കൂടാതെ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി LED TV ഉൾപ്പെടെ ഫർണിച്ചർ വാങ്ങൽ (പ്രൊജക്ട് നം. 175/19 -പകൽ വീട് ഫർണിച്ചർ വാങ്ങൽ) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 24.12.2021ന് നടത്തിയ ഫീൽഡ് പരിശോധനയിൽ പകൽ വീട് നിർമ്മാണം പൂർത്തിയാക്കിയതായി കണ്ടു. പകൽ വീട് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/27.12.21ന് പകൽവീട് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും ആസ്തി രജിസ്റ്ററിൽ കോഡ് 1885100500000000015 ആയി രേഖപ്പെടുത്തിയിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.



പകൽ വീട്


ഫർണിച്ചർ

കെട്ടിടം പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

1-24 ചേവക്കോട് ഉപ്പാകുഴി പാലം റോഡ് മെറ്റലിംഗ് & ടാറിംഗ് -രേഖകൾ ഹാജരാക്കിയില്ല

ചേവക്കോട് ഉപ്പാകുഴി പാലം റോഡ് മെറ്റലിംഗ് & ടാറിംഗ് എന്ന പ്രവൃത്തിയിൽ മുഴുവൻ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം. 153/19, 119/20 -ചേവക്കോട് ഉപ്പാകുഴി പാലം റോഡ് മെറ്റലിംഗ് & ടാറിംഗ്

അടങ്കൽ - ₹300000/- MG(R)

ചെലവ് - ₹294371/- (ബിൽ നം. 8/7.5.19)

കരാറുകാരൻ - ശ്രീ.കെ.കുമാരൻ

എഗ്രിമെന്റ് നം. - 9/6.8.2018

എം.ബി.നം. 208/18-19, 390/18-19

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ചേവക്കോട് ഉപ്പാകുഴി പാലം റോഡ് മെറ്റലിംഗ് & ടാറിംഗ് എന്ന പ്രവൃത്തിയിൽ നിലവിൽ മെറ്റൽ ചെയ്തു കിടക്കുന്ന റോഡിൽ 159m നീളത്തിൽ 3m വീതിയിൽ Wet Mix ഉപയോഗിച്ച് അതിനു മുകളിൽ ടാറിംഗ് പ്രവൃത്തി ചെയ്യുന്നതിനും 6m നീളത്തിൽ പൈപ്പ് കൾവേർട്ട് ചെയ്യുന്നതിനുമാണ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ ടാറിംഗ് & മെറ്റലിംഗ് പ്രവൃത്തി ഒഴിവാക്കി Extra Items

ഉൾപ്പെടുത്തിയിരിക്കുന്നു. മേൽ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട്, റിവൈസ്ഡ് എസ്റ്റിമേറ്റ്, ഭരണ സമിതി തീരുമാനം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/18.12.2021ന് ഭരണ സമിതി തീരുമാനം പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ആലത്തൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും TS ലഭ്യമായതിനു ശേഷം ആണ് പ്രവൃത്തി പൂർത്തീകരിച്ചത് എന്നും രേഖകൾ അധികം താമസിയാതെ സമർപ്പിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സകർമ്മ മിനട്സ് പരിശോധിച്ചതിൽ 29.9.18ലെ 12(1) -ാം നം. തീരുമാനം പ്രകാരം മെറ്റലിംഗ്, ടാറിംഗ് ഒഴിവാക്കി കൾവർട്ടും അരിക് സംരക്ഷണവും ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്നതു വരെ ₹294371/- തടസ്സത്തിൽ വയ്ക്കുന്നു.

## 1-25 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന സാമഗ്രികൾ വാങ്ങൽ- ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

2019-20 സാമ്പത്തിക വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 56 മെറ്റീരിയൽ പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. എ2/MGNREGS/6 /2019തീയതി. 04-07-2019 നമ്പർ പ്രകാരം 2019-20 ലെ നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 2 കരാറുകാർ ടെണ്ടറിൽ പങ്കെടുത്തതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ള ശ്രീ. ആർ.ഉണ്ണികൃഷ്ണൻ, വാരുകുന്ന്, മഞ്ഞപ്ര എന്നയാളുടെ ടെണ്ടർ അംഗീകരിച്ചു. ഫയലുകൾ പരിശോധിച്ചതിൽ സാധന സാമഗ്രികൾ വിതരണം ചെയ്ത വകയിൽ തുക അനുവദിച്ചു നൽകിയപ്പോൾ 2,50,000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി കുറവു ചെയ്തിട്ടില്ല. സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. അതു പ്രകാരം CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയുടെ 2% ആണ് കുറവു ചെയ്യേണ്ടത്. കരാർ തുക 2.50 ലക്ഷം രൂപയിൽ അധികരിച്ച മെറ്റീരിയൽ പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | മെറ്റീരിയൽസ് വിതരണം ചെയ്ത വകയിൽ നല്കിയ തുക |
|---|---|---|
| 1 | പൂളയ്ക്കൽപറമ്പ് റോഡ് സംരക്ഷണം | 258639 |
| 2 | നൊച്ചിപ്പറമ്പ് ശ്മശാനം റോഡ് സംരക്ഷണം | 278650 |
| 3 | ആറാംതൊടി കിഴക്കുമുറി റോഡ് പൂർത്തീകരണം | 423193 |
| 4 | ചിറ ഹെൽത്ത് സെന്റർ റോഡ് സംരക്ഷണം | 252217 |
| 5 | ചല്ലിപ്പറമ്പ് അങ്കണവാടി കനാൽ റോഡ് സംരക്ഷണം | 251966 |
| 6 | ചൂർക്കുന്ന് പാറയ്ക്കൽ ഇടവഴി സംരക്ഷണം | 252243 |

| | | |
|---|---|---|
| 7 | ചക്കതൊടി പൂളയ്ക്കൽപറമ്പ് ഇടവഴി സംരക്ഷണം, വല്യപറമ്പ് റോഡ് കോൺക്രീറ്റിംഗ് | 793073 |
| 8 | കൊട്ടേക്കാട് കൾച്ചിറക്കുണ്ട് റോഡ് സംരക്ഷണം | 251474 |
| 9 | കൊട്ടേക്കാട് തറ ഇടവഴി സംരക്ഷണം | 251911 |
| 10 | കൊട്ടേക്കാട് ചേറുംകോട് കനാൽ ഇടവഴി സംരക്ഷണം | 251474 |
| 11 | വളയൽ പഞ്ചായത്ത് കിണർ റോഡ് സംരക്ഷണം | 251921 |
| 12 | നീലാഞ്ചേരി റോഡ് സംരക്ഷണം | 251387 |
| 13 | ആറാംതൊടി കളരിക്കൽ റോഡ് സംരക്ഷണം | 251921 |
| 14 | ഉറുണിപ്പാറ ഇടവഴി സംരക്ഷണം | 337722 |
| 15 | കാരയങ്കാട് മാരിയമ്മൻകോവിൽ മുതൽ കെ എ കെ മണ്ഡപം വരെ റോഡ് സംരക്ഷണം | 252515 |
| 16 | വടക്കേത്തറ വാര്യത്ത് ഇടവഴി സംരക്ഷണം | 252263 |
| 17 | ആറാംതൊടി കുളം റോഡ് സംരക്ഷണം | 418759 |
| 18 | പന്തലാംപാടം സി.എം.സി റോഡ് സംരക്ഷണം | 251967 |
| 19 | കർലോട് മൺറോഡ് കോൺക്രീറ്റിങ്ങും സൈഡ് സംരക്ഷണവും | 422940 |
| 20 | മന്ദത്തുപറമ്പ് നായ്ക്കുട്ടാരം ഇടവഴി സംരക്ഷണം | 251966 |
| 21 | വല്യപറമ്പ് കോഴിച്ചൂട്ടപ്പറമ്പ് റോഡ് സംരക്ഷണം,<br>കൊന്നഞ്ചേരി നൊച്ചിപ്പറമ്പ് ശ്മശാനം റോഡ് സംരക്ഷണം | 573265 |
| 22 | വല്യപറമ്പ് മാടമ്പിക്കാട് റോഡ് സംരക്ഷണം | 261302 |
| 23 | ചുങ്കത്തൊടി പുത്തൻകിണർ ഇടവഴി സംരക്ഷണം | 252759 |
| 24 | കല്ലിങ്കൽപ്പാടം പുത്തൂർ റോഡ് കോൺക്രീറ്റിംഗും സൈഡ് സംരക്ഷണവും | 422940 |
| ആകെ | | 7718467 |

മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് നടത്താതെ മുഴുവൻ തുകയും വിതരണക്കാരന് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/27.12.21 ന് മറുപടി ലഭ്യമാക്കിയ മറുപടിയിൽ സാധന സാമഗ്രികൾ വിതരണം ചെയ്തതിന്റെ തുക കരാറുകാരന് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് മാസങ്ങൾക്കു ശേഷം അനുവദിക്കുന്നതിനാലും കരാറുകാരൻ പ്രതിമാസം ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്യുന്നതിനാലുമാണ് ബില്ലിൽ നിന്നും 2% ജി.എസ്.ടി കുറവു ചെയ്യാതിരുന്നത് എന്നും ഭാവിയിൽ കുറവു ചെയ്യുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താതിരുന്നതിനാൽ കൈപ്പറ്റിയ മുഴുവൻ തുകയും ബാധകമായ ജി.എസ്.ടി കരാറുകാരൻ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് ആവശ്യമായ രേഖകൾ ലഭ്യമാക്കി ഉറപ്പു വരുത്തേണ്ടതാണ്.

2. ഭാവിയിൽ കരാർ തുക 2.50 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന സാഹചര്യങ്ങളിൽ ബില്ലിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2019-20 | 13-12-2021 മുതൽ 28-12-2021 വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 25200 | യോഗപരിശീലനം | 0 | 25200 |
| | 2018-19 | 7558 | അങ്കണവാടി പോഷകാഹാരം | 0 | 7558 |
| | 2017-18 | 1400 | ഭിന്നശേഷി സ്കോളർഷിപ്പ് | 0 | 1400 |
| | 2018-19 | 250000 | MGNRES ഭവന നിർമ്മാണ യൂണിറ്റ് | 0 | 250000 |

| | | | | | |
|---|---|---|---|---|---|
| | 2019-20 | 956450 | 3/20നെൽകൃഷിക്ക് ഉഴവുകൂലി | 956450 | 0 |
| | 2019-20 | 100000 | 21/20അങ്കണവാടി പോഷകാഹാരം | 100000 | 0 |
| | 2019-20 | 350000 | 167/20എസ്.സി കോളനികൾക്ക് വാട്ടർടാങ്ക് | 0 | 350000 |
| | 2019-20 | 100000 | 27/20 ഭിന്നശേഷി സ്കോളർഷിപ്പ് | 100000 | 0 |
| | 2019-20 | 976240 | 179/20ലൈഫ് ഭവന നിർമ്മാണം | 822000 | 154240 |
| | 2019-20 | 150000 | 180/20ശിശു സൗഹൃദടോയ് ലെറ്റ് | 0 | 150000 |
| ആകെ | | 2916848 | | 1978450 | 938398 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 3745 | ഭിന്നശേഷി സ്കോളർഷിപ്പ് | 0 | 3745 |
| | 2013-14 | 13939 | ഗായത്രീ നദീതടപദ്ധതി | 0 | 13939 |
| | | 3 | നെൽകൃഷിക്ക് ഉഴവുകൂലി | 0 | 3 |
| | 2019-20 | 24000 | 3/20നെൽകൃഷിക്ക് ഉഴവുകൂലി | 24000 | 0 |
| | 2019-20 | 50000 | 27/20സ്കോളർഷിപ്പ് | 50000 | 0 |
| | 2019-20 | 1479138 | 173/20ലൈഫ് മിഷൻ | 1440000 | 39138 |
| ആകെ | | 1570825 | | 1514000 | 56825 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപപ്രവൃത്തികൾക്കായി തൻവർഷം തുക നൽകിയിട്ടില്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1980000 രൂപ വരവുണ്ട്. മുൻവർഷത്തെ നീക്കിയിരുപ്പ് ഉൾപ്പെടെ 28200000 രൂപ തൻവർഷം വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | സ.ഉ. (സാധാ) നം 68/2018 ത.സ്വ.ഭ.വ/18.05.18 | മുൻവർഷം- 28740000 തൻവർഷം- 1980000 | 28740000 | 2060000 (60000 രൂപ തിരിച്ചടച്ചത്) | - | 28660000 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14,14-15 | | 2016-17 | 9.3.2- പൊതുവായ പരാമർശം | പൊതു ടാപ്പുകൾ ഒഴിവാക്കുന്നത് സംബന്ധിച്ച് | സമിതി പരിഗണിച്ചിട്ടില്ല. |
| | | | 2.4,2.6- പൊതുവായ പരാമർശം | തൊഴിൽ നികുതി | സമിതി പരിഗണിച്ചിട്ടില്ല. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹ 83665896/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹83567145/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ----- |
| പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ട തുക | | ₹9046/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹314371/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഒന്നുമില്ല | | |

പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 9046 | 6453 -ശ്രീമതി.സുരഭി.സി.എസ്.<br>അസിസ്റ്റന്റ് എഞ്ചീനീയർ<br>2593 - ശ്രീ. ശ്രീ.ദിലീപ് വർമ്മ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 9046 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 20000 | ഡോ.റെമിൻ ആൽഫ്രെഡ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-24 | 294371 | ശ്രീമതി.വിനീത അശോകൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 314371 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

------

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.റെമിൻ ആൽഫ്രെഡ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി.,<br>കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് | ടി.സി.15/1621,<br>തൈക്കാട് പി.ഒ.,<br>തിരുവനന്തപുരം 695 014 |

| | | |
|---|---|---|
| ശ്രീമതി.സുരഭി.സി.എസ്. അസിസ്റ്റന്റ് എഞ്ചീനീയർ | ലഭ്യമല്ല | സുബ്രഹ്മണ്യ ഭവൻ, ഒല്ലൂക്കര (പി.ഒ), കൃഷ്ണപുരം, തൃശ്ശൂർ -680517 |
| ശ്രീ.ദിലീപ് വർമ്മ.എം. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത് | മഠത്തിൽ കോവിലകം, കോനത്ത് കുന്നത്ത്, ഇരിഞ്ഞാലക്കുട. തൃശ്ശൂർ |
| ശ്രീമതി.വിനീത അശോകൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അവധി | മേഞ്ചേരി ഹൌസ്, ചെമ്മണ്ണൂർ പി.ഒ., തൃശ്ശൂർ – 680 517 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | ഈ കാര്യലയത്തിൽ വച്ച് 11.06.2018 ന് നടന്ന ഓഡിറ്റ് അദാലത്ത് പ്രകാരം തീർപ്പാക്കാതെ അവശേഷിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ കത്ത് നം.കെ.എസ്.എ-പി.കെ.ഡി 10/1262/18 തീയതി 8.10.18 | 3 |
| 1997-98 | | 4 |
| 1998-99 | | 2 |
| 1999-2000 (പദ്ധതി ഒഴികെ) | | 3 |
| 1999-2000 (പദ്ധതി),2000-01, 2001-02 | | 4 |
| 2002-03 | | 1 |
| 2003-04 | | 4 |
| 2004-05 | | 0 |
| 2005-06 | | 2 |
| 2006-07 | | 3 |
| 2009-10& 2010-11 | നം കെ.എസ്.എ. പി.കെ.ഡി 10/1198/16 തീയതി 26.05.17 | 2 |
| 2011-12 | നം കെ.എസ്.എ. പി.കെ.ഡി 10/259/16 തീയതി 12.02.2016 | 1 |
| 2013-14 & 2014-15 | നം കെ.എസ്.എ. പി.കെ.ഡി 10/1447/16 തീയതി 10.8.2016 | 5 |
| 2015-16 | നം കെ.എസ്.എ. | 1 |

| | | |
|---|---|---|
| | പി.കെ.ഡി 10/231/17 തീയതി 28.01.17 | |
| 2016-17 | നം കെ.എസ്.എ. പി.കെ.ഡി 10/1520/17 തീയതി 23.08.17 | 1 |
| 2017-18 | നം കെ.എസ്.എ. പി.കെ.ഡി 10/286/19 തീയതി 26.03.19 | 19 |
| 2018-19 | നം കെ.എസ്.എ. പി.കെ.ഡി 11-1703/2019 തീയതി 27-01-2020 | 32 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

വാർഷിക കണക്ക് -വിവിധ പത്രികകൾ

| | | | |
|---|---|---|---|
| Kannambra Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 20467496.00 |
| Cash | Cash | RP-40(a) | 62146.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1405048.00 |
| 130000000 | Rental income from Panchayat Properties | RP-3 | 9600.00 |
| 140000000 | Fees & User Charges | RP-4 | 416892.00 |
| 150000000 | Sale & Hire Charges | RP-5 | 306127.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 48267468.00 |
| 171000000 | Interest Earned | RP-9 | 346679.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 25999168.00 |
| 350000000 | Other Liabilities | RP-36 | 570987.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 180.00 |
| 330000000 | Secured Loans | RP-32 | 1980000.00 |
| 340000000 | Deposits Received | RP-34 | 104407.00 |
| 350000000 | Other Liabilities | RP-36 | 201353.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3298902.00 |
| 460000000 | Loans, Advances and Deposits | RP-47 | 759085.00 |
| | Grand total | | 104195538.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3319754.00 |
| 220000000 | Administrative Expenses | RP-12 | 1045015.00 |
| 230000000 | Operations & Maintenance | RP-13 | 3278815.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 5727950.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 27749914.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1801776.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 1627244.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 1258360.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 13058630.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 38640.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 25931.00 |
| 280000000 | Prior Period item | RP-26 | 50727.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1666402.00 |
| 350000000 | Other Liabilities | RP-36 | 7286550.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2664.00 |
| 330000000 | Secured Loans | RP-32 | 60000.00 |
| 340000000 | Deposits Received | RP-34 | 655878.00 |
| 350000000 | Other Liabilities | RP-36 | 2043858.00 |
| 410000000 | Fixed Assets | RP-38 | 6412243.00 |
| 412000000 | Capital work in Progress | RP-40 | 3803589.00 |
| 460000000 | Loans, Advances and Deposits | RP-47 | 2653205.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 20628393.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 104195538.00 |

Kannambra Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4653633.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 129216.00 |
| 140000000 | Fee & User Charges | I-4(b) | 726792.00 |
| 150000000 | Sale & Hire Charges | I-5(b) | 306127.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 125754018.00 |
| 171000000 | Interest Earned | I-8 | 346679.00 |
| 180000000 | Other Income | I-9 | 180.00 |
| | Total Income | | 131916645.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9694029.00 |
| 220000000 | Administrative Expenses | I-11(b) | 1045015.00 |
| 230000000 | Operations & Maintenance | I-12(b) | 3465595.00 |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | I-13 | 2664.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5727950.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 62054847.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1801776.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1712924.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 24845360.00 |
| 255000000 | Maintenance Projects | I-14(e) | 13058630.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 38640.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 25931.00 |
| 272000000 | Depreciation | I-17(a) | 5321910.00 |
| | Total Expenditure | | 128795271.00 |
| | Gross Surplus/ Deficit of income over Expenditure | | 3121374.00 |
| 280000000 | Prior Period Item | I-18 | 41248.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3080126.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Kannambra
Grama Panchayat
BALANCE SHEET

For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 19532949.86 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 66456494.00 |
| | Total Reserve & Surplus | | 85989443.86 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4605934.00 |
| | Total Grants, Contributions for Specific Purposes | | 4605934.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 28660000.00 |
| | Total Loans | | 28660000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 256338.00 |
| 350000000 | Other Liabilities | B-9 | 1245225.14 |
| | Total Current Liabilities and Provisions | | 1501563.14 |
| | TOTAL LIABILITIES | | 120756941.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 77760116.00 |
| 411000000 | Accumulated Depreciation | B-11 | -7438164.00 |
| 412000000 | Capital Work in Progress | B-11(a) | 219539.00 |
| | Total Fixed Assets | | 70541491.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 256489.00 |
| 440000000 | Pre-paid Expenses | B-16 | 28200000.00 |
| 450000000 | Cash and Bank Balance | B-17 | 20628393.00 |
| 460000000 | Loans, Advances and Deposits | B-18 | 1130568.00 |
| | Total Current Assets, Loans and Advances | | 50215450.00 |
| | Other Assets | | |

| | |
|---|---|
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 120756941.00 |